**MALAYALAM**

**WHITE HOUSE FACT SHEET**

# വസ്തുതാ വിവരം: സുരക്ഷിതവും കർശനവുമായ അന്താരാഷ്ട്ര വിമാന യാത്രാ സംവിധാനം നടപ്പിലാക്കുന്നതിന് ബൈഡൻ ഭരണകൂടം പുറത്തുവിട്ട കൂടുതൽ വിശദാംശങ്ങൾ

ഒക്ടോബർ 25, 2021

കോവിഡ്-19ൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നാം  തുടർന്നുകൊണ്ടിരിക്കെ, യുണൈറ്റഡ് സ്റ്റേറ്റ്സിലേക്കുള്ള വിദേശരാജ്യ  യാത്രക്കാർ പൂർണ്ണമായും വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണമെന്ന പുതിയ അന്താരാഷ്ട്ര വിമാന യാത്രാ നയത്തിൻറെ കുറിച്ച്  കൂടുതൽ വിശദാംശങ്ങൾ ബൈഡൻ ഭരണകൂടം പുറത്തുവിട്ടു. പൊതുജനാരോഗ്യം മുൻനിർത്തി കർശനവും ആഗോളതലത്തിൽ സ്ഥിരതയുള്ളതുമായ ഒരു രാജ്യാന്തര യാത്രാ സംവിധാനം ഈ പുതിയ നയം നിലവിൽ കൊണ്ടുവരുന്നു.

നവംബർ 8 മുതൽ പൗരന്മാരും കുടിയേറ്റക്കാരും അല്ലാത്ത അമേരിക്കയിലേക്കുള്ള എല്ലാ യാത്രക്കാരും പൂർണമായും വാക്സിൻ സ്വീകരിച്ചവരും വിമാനയാത്ര ആരംഭിക്കും മുൻപ് തന്നെ വാക്സിനേഷൻ രേഖ സമർപ്പിച്ചവരും ആയിരിക്കണം. പരിമിതമായ ഇളവുകൾ മാത്രമേ ഈ നയത്തിൽ ഉണ്ടാകൂ. പുതുക്കിയ യാത്രാ മാർഗ്ഗനിർദ്ദേശങ്ങളിൽ കോവിഡ് പരിശോധന സംബന്ധിച്ചും പുതിയ നിബന്ധനകളും ഉണ്ട്. സംരക്ഷണം കൂടുതൽ ശക്തമാക്കാൻ, വാക്സിനേഷൻ ചെയ്യാത്ത യാത്രക്കാർ - അവർ യു.എസ്. പൗരന്മാരോ നിയമാനുസൃത സ്ഥിര താമസക്കാരോ പരിമിതമായ ഇളവുകൾ ലഭിച്ചിട്ടുള്ള പ്രതിരോധ കുത്തിവെയ്പ്പ് എടുക്കാത്ത വിദേശ പൗരന്മാരോ ആയികൊള്ളട്ടെ - എല്ലാവരും യാത്ര പുറപ്പെടുന്നതിന് മുൻപുള്ള ഒരു ദിവസത്തിനുള്ളിൽ കോവിഡ് പരിശോധന നടത്തേണം.

ഈ നിബന്ധനകൾ നടപ്പിലാക്കുന്നതിനായി യു.എസ്. ഭരണകൂടം ഇനിപ്പറയുന്ന രേഖകൾ പുറത്തിറക്കുന്നു: 1) കോവിഡ്-19 മഹാമാരി സമയത്ത് ആഗോള യാത്ര സുരക്ഷിതമായി പുനരാരംഭിക്കുന്നതിനുള്ള പ്രസിഡൻഷ്യൽ വിജ്ഞാപനം; 2) വാക്സിനേഷൻ, പരിശോധന, സമ്പർക്ക ഉറവിടം കണ്ടെത്തൽ എന്നീ വിഷയങ്ങളിൽ സെന്റർഴ്സ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (CDC) പുറത്തിറക്കുന്ന മൂന്ന് ആജ്ഞകൾ; 3) മാനദണ്ഡങ്ങൾ നടപ്പാക്കുന്നതിനായി എയർലൈനുകൾക്കും യാത്രക്കാർക്കും നൽകാനുള്ള സാങ്കേതിക നിർദേശങ്ങൾ.

ശാസ്ത്രവും പൊതുജനാരോഗ്യവും വഴികാട്ടിയായി യുണൈറ്റഡ് സ്റ്റേറ്റ്സ് വികസിപ്പിച്ചെടുത്തതാണ് പുതിയ അന്താരാഷ്ട്ര വിമാന യാത്രാ സംവിധാനം; അത് സ്വദേശത്തുള്ള അമേരിക്കക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുകയും ഒപ്പം അന്താരാഷ്ട്ര വിമാന യാത്രയുടെ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു. ഇന്ന് (ഒക്ടോബർ 25) പുറത്തിറക്കിയ അധിക വിശദാംശങ്ങൾ നവംബർ 8 പുതിയ യാത്രാനയം നടപ്പിലാക്കുന്ന തീയതിക്ക് മുമ്പായി തയ്യാറെടുക്കാൻ എയർലൈനുകൾക്കും അന്താരാഷ്ട്ര വിമാന യാത്രക്കാർക്കും സമയം നൽകുന്നു. മുമ്പ് പ്രഖ്യാപിച്ചത് പോലെ, പൂർണമായും പ്രതിരോധ കുത്തിവയ്പ്പ് ലഭിച്ച വിദേശ പൗരന്മാർക്ക് നവംബർ 8 മുതൽ വിനോദസഞ്ചാരം പോലുള്ള അത്യാവശ്യമല്ലാത്ത യാത്രകൾക്ക് വടക്കൻ, തെക്കുപടിഞ്ഞാറൻ കര അതിർത്തികളിലൂടെ സഞ്ചരിക്കാനും കഴിയും. കര അതിർത്തിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളിലെ ഭേദഗതികളെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ വരും ദിവസങ്ങളിൽ ലഭ്യമാകും.

യാത്രക്കാർക്ക് പുതിയ വിമാനയാത്രാ പ്രഖ്യാപനത്തിൻറെ വിശദാംശങ്ങൾ സി.ഡി.സി, ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റേറ്റ് വെബ്സൈറ്റുകളിൽ ലഭ്യമാകും. സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു:

പൂർണമായും പ്രതിരോധ കുത്തിവെയ്പ്പ് എടുത്തവർ:

- നവംബർ 8 മുതൽ യു.എസിലേക്ക് വരുന്ന പൗരന്മാരും കുടിയേറ്റക്കാരും അല്ലാത്ത വിമാന യാത്രക്കാർ പൂർണമായും വാക്സിൻ സ്വീകരിച്ചവരായിരിക്കണം. യു.എസിലേക്കുള്ള വിമാന യാത്ര ആരംഭിക്കുന്നതിന് മുൻപ് തന്നെ വാക്സിൻ സ്വീകരിച്ച രേഖ ലഭ്യമാക്കണം.

വാക്സിൻ സ്വീകരിച്ചതിൻറെ തെളിവ്:

- വിദേശ പൗരന്മാർക്ക് വിമാനത്തിൽ കയറണമെങ്കിൽ വാക്സിനേഷൻ സംബന്ധിച്ച രേഖകൾ നിർബന്ധം. ഈ നിബന്ധനയിൽ വളരെ പരിമിതമായ ഇളവുകൾ മാത്രമേ ലഭിക്കൂ.
- യാത്രക്കാർ വാക്സിനേഷൻ വിവരങ്ങൾ ബോധ്യപ്പെടുത്തണം. എയർലൈൻ കമ്പനികൾ ഇനി പറയുന്ന കാര്യങ്ങൾ ഉറപ്പാക്കണം:
    - വാക്സിനേഷൻ രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള വ്യക്തികൾ തന്നെയാണ് യാത്രക്കാരെന്ന് പേരും ജനനത്തീയതിയും ഒത്തുനോക്കി ഉറപ്പാക്കുകണം.
    - വാക്സിൻ നൽകിയ രാജ്യത്തെ ഔദ്യോഗിക ഉറവിടങ്ങളിൽ (പൊതുജനാരോഗ്യ ഏജൻസി, സർക്കാർ ഏജൻസി) നിന്നാണ് രേഖകൾ നൽകിയിരിക്കുന്നതെന്ന് ഉറപ്പാക്കണം.
    - യാത്രക്കാർ സി.ഡി.സി. യുടെ പൂർണ വാക്സിൻ നിർവചനവുമായി പൊരുത്തപ്പെടുന്നുണ്ടോ എന്നുറപ്പ് വരുത്താൻ ഏത് വാക്സിൻ, സ്വീകരിച്ച ഡോസുകളുടെ എണ്ണം, സ്വീകരിച്ച തീയതി(കൾ), സ്വീകരിച്ച സ്ഥലം (ഉദാഹരണത്തിന്, വാക്സിനേഷൻ ക്ലിനിക്, ആരോഗ്യ പരിരക്ഷ ഇടം) എന്നീ വിവരങ്ങൾ പരിശോധിക്കണം.
- ബൈഡൻ ഭരണകൂടം എയർലൈനുകളുമായി ചേർന്ന് പ്രവർത്തിച്ച് ഈ മാനദണ്ഡങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പ് വരുത്തും.

അംഗീകൃത വാക്സിനുകൾ:

- സി.ഡി.സി തീരുമാനം അനുസരിച്ച് അമേരിക്കയിലേക്കുള്ള യാത്രക്ക് യു.എസ്. ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്.ഡി.എ.) അംഗീകരിച്ചിട്ടുള്ളതോ ചുമതലപ്പെടുത്തിയിട്ടുള്ളതോ ലോകാരോഗ്യ സംഘടനയുടെ അടിയന്തിര ഉപയോഗ പട്ടികയിൽ (എമർജൻസി യൂസ് ലിസ്റ്റ്) ഉൾപ്പെടുത്തിയിട്ടുള്ളതോ ആയ വാക്സിനുകളാണ് സ്വീകരിക്കപ്പെടുക.
- എഫ്.ഡി.എ. അംഗീകരിച്ചിട്ടുള്ളതോ ലോകാരോഗ്യ സംഘടന അടിയന്തിര ഉപയോഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതോ ആയ സിംഗിൾ ഡോസ് സീരീസിലുള്ള (ഉദാഹരണം: ജൻസ്സെൻ വാക്സിൻ) വാക്സിൻ സ്വീകരിച്ച് രണ്ടാഴ്ച്ച കഴിയുകയോ, എഫ്.ഡി.എ. അംഗീകരിച്ചിട്ടുള്ളതോ ലോകാരോഗ്യ സംഘടന അടിയന്തിര ഉപയോഗ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതോ ആയ ടു-ഡോസ് സീരീസ് കോമ്പിനേഷൻ വാക്സിനുകളുടെ രണ്ട് ഡോസ് സ്വീകരിച്ച് രണ്ടാഴ്ച്ച കഴിയുകയോ ചെയ്ത വ്യക്തിയെ സമ്പൂർണ വാക്സിനേഷൻ സ്വീകരിച്ചതായി കണക്കാക്കും.
- കൂടുതൽ വിവരങ്ങൾ സി.ഡി.സി അനെക്സിൽ ലഭ്യമാണ്.

ഊർജ്ജിതപ്പെടുത്തിയ പരിശോധന:

- നേരത്തെ, യു.എസിലേക്കുള്ള എല്ലാ യാത്രക്കാരും മൂന്ന് ദിവസത്തിനുള്ളിൽ എടുത്ത കോവിഡ് നെഗറ്റീവ് പരിശോധനാ ഫലം ഹാജരാക്കണമായിരുന്നു.
- രണ്ട് ന്യൂക്ലിയിക് ആസിഡ് ആംപ്ലിഫിക്കേഷൻ പരിശോധനകളും (NAAT) - അതായത് പി സി ആർ (PCR) പരിശോധനയും, ആന്റിജൻ പരിശോധനയും - അംഗീകരിക്കുന്നതാണ്.
- സെപ്റ്റംബറിൽ പ്രഖ്യാപിച്ചത് പോലെ, പുതിയ സംവിധാനം മുൻപുണ്ടായിരുന്ന നിബന്ധനകൾ കൂടുതൽ കർശനമാക്കുകയാണ്. അതായത് വാക്സിനേഷൻ സ്വീകരിച്ചിട്ടില്ലാത്ത അമേരിക്കൻ പൗരന്മാരും നിയമാനുസൃത സ്ഥിര താമസക്കാരും യാത്രയ്ക്ക് മുൻപുള്ള ഒരു ദിവസത്തിനുള്ളിൽ എടുത്ത കോവിഡ് നെഗറ്റീവ് പരിശോധനാ ഫലം ഹാജരാക്കണം.
- അതായത്, യു.എസിലേക്ക് യാത്ര ചെയ്യുന്ന പൂർണമായി വാക്സിനേഷൻ സ്വീകരിച്ചിട്ടുള്ള അമേരിക്കൻ പൗരന്മാരും നിയമാനുസൃത സ്ഥിര താമസക്കാരും വാക്സിനേഷൻ രേഖകളും കോവിഡ് നെഗറ്റീവ് പരിശോധനാ ഫലവും കരുതണം.
- സമ്പൂർണ വാക്സിനേഷൻ സ്വീകരിച്ചിട്ടുള്ള അമേരിക്കൻ പൗരന്മാർ നിലവിലുള്ള നിബന്ധന അനുസരിച്ച് യാത്രക്ക് മുൻപുള്ള മൂന്ന് ദിവസത്തിനുള്ളിൽ എടുത്ത നെഗറ്റീവ് പരിശോധനാ ഫലം ലഭ്യമാക്കണം.
- യു.എസിലേക്ക് യാത്ര ചെയ്യുന്ന ഏതൊരാളും, സമ്പൂർണ വാക്സിനേഷൻ എടുത്തതിനുള്ള തെളിവ് ഹാജരാക്കാൻ സാധിക്കുന്നില്ലെങ്കിൽ, യാത്ര പുറപ്പെടുന്നതിന് ഒരു ദിവസം മുൻപ് എടുത്ത നെഗറ്റീവ് പരിശോധനാ ഫലം ഹാജരാക്കണം.

കുട്ടികൾക്കുള്ള നിബന്ധനകൾ:

- ചെറിയ കുട്ടികൾക്ക് വാക്സിൻ സ്വീകരിക്കാനുള്ള അയോഗ്യത, വാക്സിൻ സ്വീകരിക്കാൻ അർഹതയുള്ള മുതിർന്ന കുട്ടികൾക്ക് അത് സ്വീകരിക്കുന്നതിന് ലോകമെമ്പാടുമുള്ള വ്യത്യസ്തമായ ചട്ടങ്ങൾ എന്നിവ കണക്കിലെടുത്ത് 18 വയസ്സിന് താഴെയുള്ള കുട്ടികളെ വിദേശ രാജ്യ സഞ്ചാരികൾക്കുള്ള വാക്സിനേഷൻ ആവശ്യകതയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.
- രണ്ട് വയസിനും 17 വയസിനും ഇടയിലുള്ള കുട്ടികൾക്ക് യാത്ര പുറപ്പെടും മുൻപുള്ള പരിശോധന നിർബന്ധമാണ്.
- സമ്പൂർണ വാക്സിൻ സ്വീകരിച്ച മുതിർന്ന ആളോടൊപ്പമാണ് യാത്ര ചെയ്യുന്നതെങ്കിൽ, വാക്സിൻ എടുക്കാത്ത കുട്ടിക്ക് പുറപ്പെടുന്നതിന് മൂന്ന് ദിവസം മുൻപ് പരിശോധന നടത്താം. വാക്സിൻ എടുക്കാത്ത കുട്ടി ഒറ്റയ്ക്കോ വാക്സിൻ എടുക്കാത്ത മുതിർന്നവരോടൊപ്പമോ യാത്ര ചെയ്യുകയാണെങ്കിൽ, പുറപ്പെടുന്നതിനു ഒരു ദിവസത്തിനുള്ളിൽ അവർ പരിശോധന നടത്തേണ്ടിവരും.

വാക്സിൻ നിബന്ധനകളിലുള്ള പരിമിതമായ ഇളവുകൾ:

- വിദേശ പൗരന്മാർക്കുള്ള വാക്സിനേഷൻ ആവശ്യകതയിൽ നിന്ന് വളരെ പരിമിതമായ വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. 18 വയസ്സിന് താഴെയുള്ള കുട്ടികൾ, കോവിഡ്-19 വാക്സിൻ ക്ലിനിക്കൽ ട്രയൽ പങ്കാളികൾ, വാക്സിൻ ഉപയോഗത്തിൽ വൈദ്യവൈരുദ്ധ്യങ്ങൾ നേരിടുന്നവർ, അടിയന്തിര അല്ലെങ്കിൽ മാനുഷിക കാരണങ്ങളാൽ യാത്ര ചെയ്യേണ്ടി വരുന്നവർ (അടിയന്തിര യാത്രയ്ക്കുള്ള കാരണം രേഖപ്പെടുത്തിയ യു.എസ്. സർക്കാർ കത്ത് സഹിതം), സി.ഡി.സി പ്രകാരം വാക്സിൻ ലഭ്യത കുറവുള്ള രാജ്യങ്ങളിൽ നിനിന്ന് വിനോദസഞ്ചാരേതര വിസയുമായി വരുന്നവർ എന്നുള്ള വളരെ പരിമിതമായ വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.
- ഇങ്ങനെ ഇളവുകൾ ലഭിക്കുന്നവർ എല്ലാവരും, വളരെ പരിമിതമായ ഇളവുകൾ ലഭിക്കാൻ സാധ്യതയുള്ളവരെ അപേക്ഷിച്ച്, 60 ദിവസത്തിൽ

കൂടുതൽ ഇവിടെ തങ്ങാൻ ആഗ്രഹിക്കുന്നുവെങ്കിൽ, യു.എസിൽ വാക്സിനേഷൻ സ്വീകരിക്കണമെന്ന നിബന്ധന ഉൾപ്പെടെ ബാധകമായ എല്ലാ പൊതുജനാരോഗ്യ നിബന്ധനകൾ പാലിക്കുമെന്ന് ഉറപ്പ് നൽകേണ്ടതുണ്ട്.

സമ്പർക്ക ഉറവിടം കണ്ടെത്തൽ:

- യുണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് സർവീസ് നടത്തുന്ന എല്ലാ എയർലൈനുകളും പാലിക്കേണ്ട സമ്പർക്ക ഉറവിടം കണ്ടെത്തൽ ഓർഡറും സി.ഡി.സി. പുറപ്പെടുവിക്കുന്നു. ആവശ്യമുള്ളപ്പോൾ ഈ സമ്പർക്ക വിവരങ്ങൾ ഉടൻ തന്നെ സി.ഡി.സി-ക്ക് കൈമാറണം. ഈ വിവരങ്ങൾ പൊതുജനാരോഗ്യ ഉദ്യോഗസ്ഥർക്ക് അമേരിക്കയിലേക്ക് വരുന്ന വിമാന യാത്രികരെ ബന്ധപ്പെടാനും രോഗബാധിതരാകാൻ സാധ്യതയുണ്ട് അല്ലെങ്കിൽ രോഗബാധിതനായ ഒരാളുമായി സമ്പർക്കം പുലർത്തിയിട്ടുണ്ട് എന്ന് ബോധ്യപ്പെടുന്നവരെ നിരീക്ഷിക്കാനും അനുവദിക്കും.
- കോവിഡ്-19 പുതിയ വകഭേദങ്ങളുടെ ആവിർഭാവം, വ്യാപനം എന്നിവ തടയുന്നതിനും മറ്റ് പൊതുജനാരോഗ്യ ഭീഷണികളെ അഭിമുഖീകരിക്കുന്നതിനും നിർണായക പ്രതിരോധം ഉറപ്പുവരുത്തുന്നതിനുള്ള പൊതുജനാരോഗ്യ നടപടിയാണിത്.

###